# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *314** **20/06/2019-ൽ മറുപടിയ്ക്ക്**

## നിപ രോഗബാധ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**,, വി.എസ്.ശിവകുമാർ**<br>**,, റോജി എം. ജോൺ**<br>**,, എൽദോസ് പി. കുന്നപ്പിള്ളിൽ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | കഴിഞ്ഞ വർഷം നിപ ബാധമൂലം ആദ്യം മരിച്ച സോബിത്തിന് എപ്രകാരമാണ് വൈറസ് ബാധ ഏറ്റതെന്ന് ഇതിനകം കണ്ടെത്തിയിട്ടുണ്ടോ; | എ) | 2018 മേയ് മാസം പകുതിയോടെയാണ് കേരളത്തിൽ ആദ്യമായി കോഴിക്കോട് ചങ്ങരോത്ത്, പേരാമ്പ്രയിൽ നിപ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഒരേ രോഗലക്ഷണത്താൽ സഹോദരങ്ങളായ മുഹമ്മദ് സാബിത്ത്, സാലിഹ് എന്നിവർ മരണമടഞ്ഞുവെങ്കിലും സാലിഹിന് മാത്രമാണ് നിപാ രോഗം സ്ഥിരീകരിക്കാനായത്. സാബിത്തിന് നിപ രോഗം സ്ഥിരീകരിച്ചിട്ടില്ല. |
| ബി) | വവ്വാലിൽ നിന്നാണ് രോഗം പിടിപെട്ടതെന്ന കാര്യം സാധൂകരിക്കുവാൻ തക്ക തെളിവുകൾ പരിശോധനയിൽ നിന്നും ലഭിച്ചിട്ടുണ്ടോ; | ബി) | നിപ വൈറസ് ബാധയുടെ ഉറവിടം കണ്ടെത്തുന്നതിനായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) നിയോഗിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലെ (NIV) വിദഗ്ദ്ധർ നിപയുടെ പ്രൈമറി വാഹകരായ പഴം തീനി വവ്വാലുകളെ (Pteropus) പരിശോധിക്കുകയും 22 ശതമാനത്തോളം വവ്വാലുകളിലും വൈറസ് ബാധ കണ്ടെത്തുകയും അതിൽ നിന്നാണ് മനുഷ്യരിലേയ്ക്ക് വൈറസ് പടർന്നതെന്നുമുള്ള നിഗമനത്തിലെത്തി ച്ചേരുകയുമുണ്ടായി. |
| സി) | കഴിഞ്ഞ വർഷം രോഗബാധ കണ്ടെത്തിയ ഇരുപത്തിമൂന്നിൽ ഇരുപത്തിയൊന്ന് പേർക്കും ആശുപത്രികളിൽ നിന്നാണ് രോഗബാധ ഉണ്ടായതെന്നത് സർക്കാർ ആശുപത്രികളിലെ പകർച്ചവ്യാധി പ്രതിരോധ സംവിധാനത്തിന്റെ അപര്യാപ്തതയായി വിലയിരുത്തുന്നുണ്ടോ; | സി) | ഇല്ല. കഴിഞ്ഞ വർഷം 18 പേർക്കാണ് നിപ രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായും അപ്രതീക്ഷിതമായും ആണ് ഉയർന്ന മരണ നിരക്കുള്ള ഈ പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടിട്ടുള്ളത്. ഈ രോഗം സ്ഥിരീകരിച്ച ഉടൻ തന്നെ രോഗ നിരീക്ഷണവും ചികിത്സയും പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ നടപ്പിലാക്കിയതു |

കൊണ്ടാണ് രോഗബാധ 18 പേരിൽ മാത്രം നിയന്ത്രിച്ച നിർത്താൻ സാധിച്ചത്. രോഗബാധ സ്ഥിരീകരിച്ച രണ്ടുപേരെ മരണത്തിൽ നിന്നും രക്ഷിക്കാനും സാധിച്ചു. ആരോഗ്യവകുപ്പിന്റെ കാര്യക്ഷമത മൂലമാണ് ഇപ്രകാരം വളരെ പെട്ടെന്ന തന്നെ രോഗം നിയന്ത്രണ വിധേയമാക്കാൻ സാധിച്ചത്.

ഡി) പ്രസ്തുത വിഷയത്തെക്കുറിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടെ എന്തെങ്കിലും പഠനം നടത്തിയോ; അതിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളിൽ നിന്നും പകർച്ചവ്യാധികൾ പടരാതിരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഡി) നിലവിൽ നിപ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗ-രേഖകൾക്കനുസരിച്ചുള്ള നടപടികൾ 2018 മെയ് മാസത്തിലും തുടർന്നുള്ള മാസങ്ങളിലും നടപ്പിലാക്കി. 2018 നവംബർ ഡിസംബർ മാസങ്ങളിൽ തന്നെ ജില്ലകൾക്ക് നിപ രോഗം സംബന്ധിച്ച ജാഗ്രതാ നിർദ്ദേശം നൽകിയിരുന്നു. അതേ തുടർന്ന് നിപ രോഗനിരീക്ഷണം, ആശുപത്രികളിൽ രോഗാണു സംക്രമണ നിയന്ത്രണ പ്രവർത്തനങ്ങൾ, ബോധവത്കരണം തുടങ്ങിയവ നടത്തുകയുണ്ടായി. 2019 ആരോഗ്യ ജാഗ്രതയുടെ ഭാഗമായും നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിയിരുന്നു. ആയതിനാലാണ് 2019-ൽ തുടക്കത്തിൽ തന്നെ നിപ കണ്ടെത്താനും ക്രിയാത്മക പ്രതിരോധ പ്രവർത്തനങ്ങൾ നടത്താനും കഴിഞ്ഞത്.

**സെക്ഷൻ ഓഫീസർ**